പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണ്ണൂർ സർവ്വകലാശാലയിൽ 2004-ലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 2003-04-ലും പരിഷ്കരിച്ചു. മറ്റ് സർവ്വകലാശാലകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

എം. ബി. ബി. എസ്. മൂല്യനിർണ്ണയത്തിലെ അപാകത

168 [2290] ഡോ. എം. എ. കുട്ടപ്പൻ:

ശ്രീമതി ശോഭനാ ജോർജ്:

ശ്രീ. വി. ജെ. പൗലോസ്:

„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നടത്തിയ ബി.ടെക്. ഫൈനൽ പരീക്ഷ, എം.ബി.ബി.എസ്. മൂന്നാം വർഷ പരീക്ഷ എന്നിവയുടെ ഉത്തരക്കടലാസ് മൂല്യ നിർണ്ണയം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ വർഷം എത്ര അപേക്ഷകൾ കിട്ടിയെന്ന് വെളിപ്പെടുത്താമോ;

(ബി) ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം ചെയ്തപ്പോൾ ആദ്യ മാർക്കിൽ നിന്ന് യാതൊരു വ്യത്യാസവുമില്ലെന്ന് എത്ര പേരെ അറിയിച്ചു;

(സി) മാർക്കിൽ വ്യത്യാസമില്ലെന്നറിയിച്ചപ്പോൾ വീണ്ടും മൂല്യനിർണ്ണയം നടത്താനനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആരെല്ലാം കോടതിയെ സമീപിച്ചു;

(ഡി) കോടതി ഉത്തരവനുസരിച്ച് വീണ്ടും മൂല്യനിർണ്ണയം ചെയ്തപ്പോൾ അവരുടെ മാർക്ക് എത്ര കണ്ട് വർദ്ധിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) മൂന്നാമത് മൂല്യനിർണ്ണയത്തിൽ മാർക്ക് വർദ്ധിച്ച സാഹചര്യത്തിൽ ആദ്യത്തെ രണ്ട് മൂല്യനിർണ്ണയത്തിലും അപാകത ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ആദ്യത്തെ രണ്ട് മൂല്യനിർണ്ണയം നടത്തിയവരുടെ മേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സർവ്വകലാശാല നടത്തിയ ബി.ടെക്. ഫൈനൽ പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്യണമെന്നാവശ്യപ്പെട്ട് 146 അപേക്ഷകളും എം.ബി.ബി.എസ്. മൂന്നാം വർഷ പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്യണമെന്നാവശ്യപ്പെട്ട് 49 അപേക്ഷകളും ഈ വർഷം യൂണിവേഴ്സിറ്റിയിൽ കിട്ടിയിട്ടുണ്ട്.

(ബി) ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം ചെയ്തപ്പോൾ ആദ്യ മാർക്കിൽ നിന്ന് യാതൊരു വ്യത്യാസവുമില്ലെന്ന് ബി.ടെക്. ഫൈനൽ പരീക്ഷ എഴുതിയ 41 പേരെയും എം.ബി.ബി.എസ്. പരീക്ഷ എഴുതിയ അഞ്ചു പേരെയും അറിയിച്ചു.

(സി) മാർക്കിൽ വ്യത്യാസമില്ലെന്ന് അറിയിച്ചപ്പോൾ വീണ്ടും മൂല്യനിർണ്ണയം നടത്തണമെന്നാവശ്യപ്പെട്ട് ബി.ടെക്കിലെയും, എം.ബി.ബി.എസ്.-ലെയും ഓരോ വിദ്യാർത്ഥിനികൾ കോടതിയെ സമീപിച്ചു.

(ഡി) ഇവയിൽ ബി.ടെക്. വിദ്യാർത്ഥിനിയുടെ ആവശ്യം അനുവദിച്ച ഏകാംഗ കോടതിവിധി പുനർ മൂല്യനിർണ്ണയം സംബന്ധിക്കുന്ന സർവ്വകലാശാല യുടെ മാർഗ്ഗനിർദ്ദേശക തത്വങ്ങൾക്കെതിരാകയാൽ അതിനെതിരെ സർവ്വകലാശാലാ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കുകയും ഇക്കാര്യത്തിൽ സർവ്വകലാശാല യുടെ നിലപാട് അംഗീകരിച്ചുകൊണ്ട് ഡിവിഷൻ ബഞ്ച് ഏകാംഗ കോടതിവിധി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. (W.A. No. 364/2005). ഈ സാഹചര്യത്തിൽ ആ കുട്ടിയുടെ പരീക്ഷക്കടലാസ് വീണ്ടും മൂല്യ നിർണ്ണയം ചെയ്യണമെന്ന ഏകാംഗ കോടതി വിധിക്ക് പ്രസക്തിയില്ല. എം. ബി. ബി. എസ്. വിദ്യാർത്ഥിനിയുടെ ആവശ്യം അംഗീകരിക്കുന്നതിനെതിരെയും സർവ്വകലാശാല കോടതിയിൽ നിലപാട് വ്യക്തമാ ക്കിയിട്ടുണ്ട്. സർവ്വകലാശാലയുടെ നിലപാട് ഇക്കാര്യത്തിലും അംഗീകരിക്കപ്പെടു മെന്നാണ് പ്രതീക്ഷ.

(ഇ) ആദ്യത്തെ രണ്ട് മൂല്യനിർണ്ണയത്തിലും എന്തെങ്കിലും അപാകത ഉണ്ടായതായി സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർവ്വകലാശാലയുടെ ഈ നിലപാട് അംഗീകരിച്ചുകൊണ്ട് ആദ്യ പുനർ മൂല്യനിർണ്ണയ ഫലം അന്തിമമാണെന്ന് കോടതി പ്രഖ്യാപിച്ചു കഴിഞ്ഞ സ്ഥിതിക്ക് മൂന്നാമത്തെ മൂല്യനിർണ്ണയത്തിന് പ്രസക്തിയില്ല.

(എഫ്) മേൽപ്പറഞ്ഞ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly